ടെസ്റ്റിംഗ് ലബോറട്ടറിയുമാണ് മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിലുള്ളത്. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിൽ മരുന്ന് പരിശോധന ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായി പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഡ്രഗ്സ് ഇൻസ്പെക്ടർമാർ

154 (819) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കാമോ ; ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നറിയിക്കുമോ ;

(ബി) പുതിയ ലിസ്റ്റ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഡ്രഗ്സ് കൺട്രോളറുടെ കീഴിൽ എൻ.ടി. കേഡറിൽ എത്ര അനലിസ്റ്റുകളുടെ ഒഴിവുകളുണ്ട് ; അനലിസ്റ്റുകളുടെ അഭാവം കാരണം ലാബുകളിൽ വരുന്ന സാമ്പിളുകൾ യഥാസമയം പരിശോധിക്കാനും നടപടി സ്വീകരിക്കുവാനും കഴിയാത്ത അവസ്ഥ നിലവിലുണ്ടോ ; പ്രതിവർഷം എത്ര സാമ്പിളുകൾ ലഭിക്കുന്നുണ്ടെന്നും എത്ര സാമ്പിളുകൾ പരിശോധിക്കാതെ കെട്ടിക്കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) അനലിസ്റ്റുകളുടെ ഒഴിവ് നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ല. ഈ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല.

(ബി) ഒഴിവുകൾ വരുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ്.

(സി) എൻ.ടി. കേഡറിൽ അനലിസ്റ്റിന്റെ ഒരു ഒഴിവ് ഉണ്ട്. സാമ്പിളുകൾ യഥാസമയം പരിശോധിക്കാനും നടപടി സ്വീകരിക്കുവാനും കഴിയാത്ത അവസ്ഥ നിലവിൽ ഇല്ല. തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ 2013-ൽ 4609 സാമ്പിളുകളും 2014-ൽ 2620 സാമ്പിളുകളും 2015 നാളിതുവരെ 1059 സാമ്പിളുകളും ലഭിച്ചിട്ടുണ്ട്. അതിൽ 6-6-2015 വരെ 548 സാമ്പിളുകൾ പരിശോധിക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ അനലിസ്റ്റുകളുടെ ഒഴിവ് വരുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

എറണാകുളം റീജിയണൽ ഡ്രഗ്സ് പരിശോധനാ ലാബ്

155 (820) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം റീജിയണൽ ഡ്രഗ്സ് പരിശോധനാ ലാബിന്റെ നിർമ്മാണത്തിന് എത്ര രൂപ ചെവഴിച്ചുവെന്നും ഇത് എന്ന് ഉദ്ഘാടനം ചെയ്തുവെന്നും വെളിപ്പെടുത്തുമോ ;

(ബി) ഇവിടെ വെള്ളം, വൈദ്യുതി എന്നിവയുടെ കണക്ഷൻ കിട്ടിയതെന്നാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ലാബിനായി എത്ര രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് ; എല്ലാ ഉപകരണങ്ങളും പൂർണ്ണമായി പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ ;

(ഡി) ഈ ലാബിലേക്ക് എത്ര തസ്തികകൾ അനുവദിച്ചു ; ഇതിൽ പൂർണ്ണമായും നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) 2014 വർഷത്തിൽ ഇവിടെ എത്ര സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട് ; ഇതിൽ ഗുണനിലവാരമില്ലാത്ത എത്ര സാമ്പിളുകൾ ഉണ്ട് ; അവയിൽ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകൾ ഉണ്ടോ ;

(എഫ്) തിരുവനന്തപുരം ലാബിൽ 2013-2014 വർഷങ്ങളിൽ എത്ര സാമ്പിളുകൾ പരിശോധിച്ചു; ഇവയിൽ എത്ര എണ്ണം ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തിയിട്ടുണ്ട് ;

(ജി) റീജിയണൽ ലാബ് പ്രവർത്തിച്ചു തുടങ്ങിയതിനുശേഷം മരുന്നു പരിശോധനയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ കെട്ടിട നിർമ്മാണത്തിന് നാലു കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 2013 ഡിസംബർ 19 -ന് ഈ ലബോറട്ടറി ഉദ്ഘാടനം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly